(ബി) എങ്കിൽ അവ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തകരാറുകൾ പരിഹരിക്കുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. ആനക്കര, പട്ടിത്തറ, തൃത്താല, വെള്ളിയാങ്കൻകടവ്, കാലടിക്കുന്ന്, കണ്ടന്നൂർ, തിരുവിഴക്കോട് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഇലക്ട്രിക്കൽ റിപ്പയറിംഗ് ജോലികൾ ചെയ്തുവരുന്നു.

എലത്തൂർ പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം

56 [2773] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ എത്ര കിലോമീറ്റർ ദൂരം പലപ്പോഴായി കടൽക്ഷോഭം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പഞ്ചായത്തിൽ എത്ര കിലോമീറ്റർ കടൽഭിത്തി കെട്ടിയിട്ടുണ്ട്;

(സി) 2004 വർഷത്തിൽ ഏതെല്ലാം പ്രദേശങ്ങളിലായാണ് ഈ പഞ്ചായത്തിൽ കടൽക്ഷോഭം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവിടെ കടൽഭിത്തി നിർമ്മിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം ഇറിഗേഷൻ വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് എന്നും ഇത് സംബന്ധിച്ച നടപടി എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 4 കി. മീ.

(ബി) എലത്തൂർ പഞ്ചായത്തിന്റെ 4 കി. മീ. തീരം കടലാക്രമണ ഭീഷണിയിലാണ്. ഇതിൽ 3 കി. മീ. ദൂരം വർഷങ്ങൾക്ക് മുമ്പ് കടൽഭിത്തി കെട്ടിയിരുന്നു. എന്നാൽ ഇതിൽ 2.3 കി. മീ. നീളം അടിയന്തിരമായി പുനരുദ്ധാരണം നടത്തേണ്ടതുണ്ട്.

(സി) 2004-ൽ മുക്കാടി, മാട്ടുവയൽ, ചെട്ടിക്കുളം എന്നീ പ്രദേശങ്ങളിലാണ് കടൽ ക്ഷോഭം അതിശക്തമായി അനുഭവപ്പെടുന്നത്.

(ഡി) എലത്തൂർ പഞ്ചായത്തിലെ ചെട്ടിക്കുളം കടൽഭിത്തിയുടെ 600 മീറ്റർ നീളം പുനരുദ്ധരിക്കാൻ 38 ലക്ഷം രൂപയുടേയും മുക്കാടിയിൽ 250 മീറ്റർ നീളം കടൽ ഭിത്തി പുനരുദ്ധരിക്കാൻ 20 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly